റോഡുകളുടെ ഉപരിതലം പുതുക്കുന്ന പദ്ധതി

344 (1429) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡിന്റെ കീഴിൽ 83 കി.മീ. നിളം വരുന്ന 4 റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല (36.10 കി.മീ.) റോഡിന്റെയും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് -ചെറ്റച്ചൽ (21.90 കി.മീ.) റോഡിന്റെയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പി.പി.പി./ ആന്വിറ്റി മാതൃകയിൽ ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത M/s. Inkel Ltd. in Consortium with M/s. EKK & Co. എന്ന സ്ഥാപനത്തിന് ലെറ്റർ ഓഫ് അവാർഡ് (LoA) നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ വിദ്യാനഗർ-മായിപ്പാടി-സീതാംഗോളി (9.40) കി.മീ.) റോഡിന്റെയും ഉപ്പള (15.60 കി.മീ.) റോഡിന്റെയും പ്രവൃത്തികൾക്കുള്ള ടെണ്ടർ പി.പി.പി./ആന്വിറ്റി മാതൃകയിൽ ചെയ്യുന്നതിന് 17-12-2015 അവസാന തീയതി വെച്ച് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള ഭരണാനുമതി 22-5-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ. 43/2015/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്.

ഞാറക്കൽ മഞ്ഞനക്കാട് പാലം നിർമ്മാണം

345 (1430) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണത്തിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly